# കുഞ്ഞുലക്ഷ്മിയുടെ സങ്കടം

നേരം ഉച്ചയായി. ഏതാനും നിമിഷങ്ങൾക്കകം സ്കൂൾ മാനേജരുടെ വീട്ടിൽ നിന്നും വണ്ടിയെത്തും. കുട്ടികൾ മാത്രമല്ല അധ്യാപകരും ഇടയ്ക്കിടക്ക് ഗേറ്റിലേക്ക് നോക്കിക്കൊണ്ടിരുന്നു.

വളരെ നാളത്തെ കാത്തിരിപ്പിനു ശേഷമാണ് മാനേജരുടെ മകന് ഒരു കുഞ്ഞു പിറന്നത്. അതിന്റെ സന്തോഷത്തിലായിരുന്നു മാനേജർ.

''കുട്ടികൾക്കും സാറന്മാർക്കും നാളെ എന്റെ വക ചിക്കൻ ബിരിയാണി.''

ഓഫീസ് റൂമിൽ നിന്ന് എല്ലാവരും കേൾക്കേ മാനേജർ പ്രഖ്യാപിച്ചു.

''ഓരോ ഐസ്ക്രീമും ആവാം.'' പ്രധാനാധ്യാപികയായ ശോശാമ ടീച്ചർ പറഞ്ഞു.

''ശരി ടീച്ചറുടെ ആഗ്രഹമല്ലെ. അങ്ങനെയായിക്കോട്ടെ. നാളെ ഉച്ചയാകുമ്പം സാധനമെല്ലാം ഇവിടെത്തും. കുട്ടികളോടൊക്കെ പറഞ്ഞോളൂ.''



മാനേജർ പോകുന്നതിന് മുമ്പു തന്നെ ശോശാമ്മ ടീച്ചർ മൈക്കിലൂടെ കുട്ടികളെയെല്ലാം വിവരമറിയിച്ചു കഴിഞ്ഞു.

ബിരിയാണിയും ഐസ് ക്രീമും കഴിക്കാനുള്ള താൽപര്യത്തോടെ പിറ്റേ ദിവസം കുട്ടികൾ കാത്തിരിക്കുകയായിരുന്നു.



“അതാ വണ്ടിയെത്തി. ഗേറ്റിലേക്കു നോക്കിക്കൊണ്ടിരുന്ന നാല് ബി.യിലെ കുഞ്ഞുലക്ഷ്മി വിളിച്ചു പറഞ്ഞു. കുട്ടികളെല്ലാം ഗേറ്റിലേക്കു നോക്കി. അവർക്കു സന്തോഷമായി.

അൽപ സമയത്തിനകം മൈക്കിലൂടെ അറിയിപ്പു വന്നു.

“വരാന്തയിൽ വരിവരിയായി നിന്ന് ബിരിയാണി വാങ്ങണം. ആരും ക്ലാസിലിരുന്ന് കഴിക്കരുത്. വരാന്തയിലോ മരത്തണലിലോ പോയിരുന്ന് കഴിക്കാം. ഭക്ഷണാവശിഷ്ടം നിക്ഷേപിക്കാൻ കൈകഴുകാനുള്ള ടാപ്പിനടുത്ത് വലിയൊരു പാത്രം വെച്ചിട്ടുണ്ട്.”

അധ്യാപകരും ചില രക്ഷിതാക്കളും ചേർന്ന് ബിരിയാണി കൊടുത്തു തുടങ്ങി. ബിരിയാണി കഴിഞ്ഞപ്പോൾ കുഞ്ഞുലക്ഷ്മി പാത്രം വീണ്ടും നീട്ടി. “ടീച്ചറേ എനിക്കു കുറച്ചുകൂടി വേണം.”

“വേണ്ട വേണ്ട അതുമതി. കൂടുതൽ തന്നാൽ എല്ലാവർക്കും കൊടുക്കാൻ തികയില്ല.” ടീച്ചർ പറഞ്ഞു.

കുഞ്ഞുലക്ഷ്മിയുടെ കണ്ണു നിറഞ്ഞു. അതൊന്നും ശ്രദ്ധിക്കാതെ ടീച്ചർ വിളമ്പൽ തുടർന്നു.

കുട്ടികൾ മരത്തണലിലും വരാന്തയിലുമൊക്കെയിരുന്ന് ഭക്ഷണം കഴിച്ചു കൊണ്ടിരുന്നു.

സ്റ്റാഫ് റൂമിലിരുന്ന് ബിരിയാണി കഴിക്കുകയായിരുന്ന ശോശാമ്മ ടീച്ചർ പെട്ടെന്ന് വെളിയിലേക്കു വന്നു. ദേഷ്യത്തോടെ നാല് ബിയിലേക്കു നടന്നു.

“എടീ കുഞ്ഞു ലക്ഷ്മീ, അനുസരണയില്ലാത്തവളെ, നീ പമ്മിപ്പമ്മി ക്ലാസിലേക്കു കയറുന്നത് ആരും കാണില്ലെന്ന് കരുതിയല്ലേ? വാടീ ഇവിടെ...” ശോശാമ്മ ടീച്ചർ

ദേഷ്യം കൊണ്ട് വിറച്ചു. ഒഴിഞ്ഞ പാത്രവുമായി പേടിച്ചു വിറച്ചു നിന്ന കുഞ്ഞുലക്ഷ്മിയുടെ ചെവിക്കു പിടിച്ചു. വളരെ പരുഷമായ ഭാഷയിൽ ശകാരിച്ചു.

“ടീച്ചറേ, ഞാൻ ക്ലാസിലിരുന്നല്ല ബിരിയാണി കഴിച്ചത്.” അവൾ കരഞ്ഞുകൊണ്ടു പറഞ്ഞു.

“പിന്നെന്തിനാ നീ ക്ലാസിൽ കയറിയത്?” ടീച്ചർ അവളെ ചോദ്യം ചെയ്തു.

“അമ്മയ്ക്ക് അൽപം ബിരിയാണി എടുത്തുവെക്കാൻ കയറിയതാ. ഇന്നലെ മുതൽ അമ്മ പട്ടിണിയാ ടീച്ചറേ.” അവൾ പൊട്ടിക്കരഞ്ഞുകൊണ്ട് ബാഗിൽ നിന്ന് പാത്രമെടുത്ത് തുറന്നു കാണിച്ചു.

“ഇത് പൂച്ചക്ക് കൊടുക്കാൻ പോലും തികയില്ലല്ലോ.” ശോശാമ്മ ടീച്ചറുടെ മനസ്സും മന്ത്രിച്ചു. കാര്യമറിയാതെ അവളോട് ദേഷ്യപ്പെട്ടതിൽ ടീച്ചർക്ക് വിഷമം തോന്നി.

പാത്രം കഴുകാൻ ടാപ്പിനടുത്തേക്ക് കുഞ്ഞുലക്ഷ്മി നടന്നപ്പോൾ കുറ്റബോധത്തോടെ ടീച്ചറും അവളോടൊപ്പം ചെന്നു.

ഭക്ഷണാവശിഷ്ടം ഇടാൻ വച്ചിരുന്ന പാത്രം നിറഞ്ഞു കവിഞ്ഞിരുന്നു. അതുകണ്ടപ്പോൾ കുഞ്ഞുലക്ഷ്മിയുടെ കണ്ണുകൾ നിറഞ്ഞു.

കുഞ്ഞുലക്ഷ്മി അൽപം ബിരിയാണി കൂടി ചോദിച്ചപ്പോൾ എല്ലാവർക്കും കൊടുക്കാൻ തികയില്ലെന്ന് പറഞ്ഞ കാര്യം ടീച്ചർ ഓർത്തു.

എന്റെ ചങ്ങാതിമാർ പാഴാക്കിക്കളഞ്ഞ ഇത്രയും ഭക്ഷണം ഉണ്ടായിരുന്നെങ്കിൽ എത്ര ദിവസം ഞങ്ങൾക്ക് വിശപ്പു മാറ്റാമായിരുന്നു! കുഞ്ഞുലക്ഷ്മിയുടെ മനസ്സ് മന്ത്രിച്ചു.

മിക്ക ദിവസങ്ങളിലും പട്ടിണി കിടക്കേണ്ടി വരുന്ന അവളുടെ കുഞ്ഞു മനസ്സിന് സങ്കടം സഹിക്കാനായില്ല. അവൾ ടീച്ചറെ നോക്കി പൊട്ടിക്കരഞ്ഞു.

സുരേന്ദ്രൻ എഴുപുന്ന

# ചേരുംപടി ചേർക്കുക

മലയാളത്തിലെ പ്രശസ്തമായ ചില ആത്മകഥകളുടെയും അവയുടെ രചയിതാക്കളുടെയും പേരുകൾ ക്രമം തെറ്റിച്ചാണ് താഴെ കൊടുത്തിരിക്കുന്നത്. അവ ക്രമപ്പെടുത്തി എഴുതാമോ?


തിക്കോടിയൻ

1. എന്റെ കഥ
2. കിനാവും കണ്ണീരും
3. അരങ്ങു കാണാത്ത നടൻ
4. എതിർപ്പ്
5. ജീവിതപ്പാത
6. ഓർമയുടെ തീരങ്ങളിൽ

a. ചെറുകാട്
b. പി കേശവദേവ്
c. തകഴി ശിവശങ്കരപ്പിള്ള
d. കമല സുരയ്യ
e. വി.ടി ഭട്ടതിരിപ്പാട്
f. തിക്കോടിയൻ


വി.ടി ഭട്ടതിരിപ്പാട്

– അഫ്സൽ

ഉത്തരങ്ങൾ
1.d, 2.e, 3.f, 4.b, 5.a, 6.c

ഏറ്റവും കൂടുതൽ ചൂടുള്ള സ്ഥലം- ദാമോൾ (എത്യോപ്യ)